# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 21 വെള്ളി
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

മറുപടി നൽകുന്ന മന്ത്രിമാർ

ഊർജ്ജ വകുപ്പുമന്ത്രി
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി

## ഊർജ്ജ ഓഡിറ്റ്

*481 ശ്രീ. എൻ. ഷംസുദ്ദീൻ
,, പി. ബി. അബ്ദുൾ റസാക്
,, എം. പി. അബ്ദുസ്സമദ് സമദാനി
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനായി അനർട്ട് ഏതൊക്കെ പദ്ധതികളാണ് കഴിഞ്ഞ സാമ്പത്തികവർഷം ഏറ്റെടുത്തു നടപ്പാക്കിയതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓഡിറ്റിലെ പൊതുവായ കണ്ടെത്തലുകളും പരിഹാര നിർദ്ദേശങ്ങളും വെളിപ്പെടുത്തുമോ ;

(സി) തദ്ദേശഭരണസ്ഥാപനതലത്തിൽ എനർജിമാർട്ടുകൾ സ്ഥാപിക്കുന്നതിനായി അനർട്ട് ഇതേവരെ നടത്തിയ പ്രവർത്തനങ്ങളുടെ പൂർണ്ണവിവരം വ്യക്തമാക്കാമോ ;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്നുള്ള പദ്ധതികൾക്കായി ഇതേവരെ എന്തു തുക പ്രസ്തുത പഞ്ചായത്തു സ്ഥാപനങ്ങളിൽ നിന്നും അനർട്ടിന് ലഭിച്ചു ; എന്തു തുക പ്രവർത്തനങ്ങൾക്കു വേണ്ടി ഇതേവരെ ചെലവഴിച്ചു ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>സോ മില്ലുകൾക്ക് എൻ. ഒ. സി.</u>

*482 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു ടി. തോമസ്
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോ മില്ലുകൾക്കും തടിയധിഷ്ഠിത ഫർണിച്ചർ യൂണിറ്റുകൾക്കും എൻ. ഒ. സി. നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) അതു സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) സോ മില്ലുകൾക്കും ഫർണിച്ചർ യൂണിറ്റുകൾക്കും എൻ. ഒ. സി.ക്കായി ലഭിച്ച എത്ര അപേക്ഷകളിൽ തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്; കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) പുതിയ സോ മില്ലുകൾക്ക് എൻ. ഒ. സി. നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) പരമ്പരാഗത മരപ്പണിക്കാർക്ക് മുൻഗണന നൽകി എൻ. ഒ. സി. അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ മുൻഗണന നൽകാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ഇ-പെയ്മെന്റ് സംവിധാനം ഏര്‍പ്പെടുത്താന്‍ നടപടി</u>

*483 ശ്രീ. കെ. അച്ചുതന്‍
,, ജോസഫ് വാഴക്കന്‍
,, റ്റി.എന്‍. പ്രതാപന്‍
,, എ.റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നഗരസഭാ ഓഫീസുകളില്‍ ഇ-പെയ്മെന്റ് സംവിധാനം ഏര്‍പ്പെടുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കില്‍ ഇതിനായി എന്തെല്ലാം നടപടികള്‍ കൈകൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഏത് ഏജന്‍സികളുടെ സഹായത്തോടെയാണ് ഇക്കാര്യം നടപ്പാക്കാന്‍ ഉദ്ദേശിക്കുന്നത് ;

(ഡി) ആദ്യഘട്ടത്തില്‍ ഏതൊക്കെ നഗരങ്ങളിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(ഇ) സംസ്ഥാനം മുഴുവനും ഇത് വ്യാപകമാക്കാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

അനെർട്ട്

*484 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏജൻസി ഫോർ നോൺകൺവെൻഷണൽ എനർജിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) കേന്ദ്ര നവീന നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ നോഡൽ ഏജൻസി എന്ന നിലയിൽ അനെർട്ട് ഇതേവരെ ഏറ്റെടുത്തു നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം നൽകാമോ; അതിനായി ഇതേവരെ പ്രതിവർഷം എന്തു തുക ലഭിച്ചു;

(സി) വിദൂരസ്ഥ ജനവാസകേന്ദ്രങ്ങൾക്കായുള്ള വൈദ്യുതീകരണ പദ്ധതി എവിടെയെല്ലാമാണ് നടപ്പാക്കിയത്; ഏതുവിധത്തിലാണ് നടപ്പാക്കിയത്;

(ഡി) അനെർട്ട് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റെടുക്കുന്ന പദ്ധതികൾ ഏതെല്ലാം ;

(ഇ) അനെർട്ടിന്റെ പദ്ധതി നടത്തിപ്പിലും, നിയമനങ്ങളിലും ക്രമക്കേടുകളുണ്ടായതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

ഇ - പ്രൊക്യൂർമെന്റ് ഇ - ഗവേർണൻസ്

*485 ശ്രീ. സി. പി. മുഹമ്മദ്
,, ഐ. സി. ബാലകൃഷ്ണൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ - പ്രൊക്യുർമെന്റ് സംവിധാനത്തിന്റെയും ഇ - ഗവേർണൻസ് പ്ലാറ്റ്ഫോമിന്റെയും നടപ്പാക്കൽ പദ്ധതിക്ക് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഈ പദ്ധതി ഒരു വർഷത്തെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വ്യവസായതാല്പര്യം വളര്‍ത്തുന്നതിന് നടപടി</u>

*486 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സംരഭക താല്പര്യം വളര്‍ത്തുന്നതിനായി എന്തെല്ലാം നടപടികളാണ് പുതിയ വ്യവസായ നയത്തില്‍ വ്യവസ്ഥ ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാര്‍ത്ഥികളില്‍ പ്രസ്തുത ആശയം വളര്‍ത്തുന്നതിനായി ഡിഗ്രി തലത്തിലുള്ള വിദ്യാര്‍ത്ഥികളുടെ പാഠ്യപദ്ധതിയില്‍ പ്രസ്തുത വിഷയം ഉള്‍പ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) വിദ്യാഭ്യാസ വകുപ്പുമായി ചേര്‍ന്ന് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളില്‍ ഇ. ഡി. ക്ലബ്ബുകള്‍ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

അമ്മമാർക്കും കുഞ്ഞുങ്ങൾക്കും അംഗൻവാടികളിൽ നിന്ന് സേവനങ്ങൾ

*487 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, സി. കെ. സദാശിവൻ
,, ബി. സത്യൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ കുഞ്ഞുങ്ങൾക്കും അംഗൻവാടി സേവനം ലഭ്യമാക്കാൻ സാധ്യമായിട്ടുണ്ടോ;

(ബി) കുട്ടികൾ, മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ എന്നിവർക്ക് പൂരക പോഷകാഹാരവും ആരോഗ്യ-വിദ്യാഭ്യാസവും വൈദ്യപരിശോധന മുതലായ സേവനങ്ങളും അംഗൻവാടി കേന്ദ്രങ്ങൾ വഴി ലഭ്യമാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ എന്തൊക്കെയാണ്; ഇപ്പോൾ എത്ര അംഗൻവാടികളുണ്ട്; ഒരു അംഗൻവാടിയിൽ നിന്ന് ശരാശരി എത്രപേർക്ക് സേവനങ്ങൾ ലഭ്യമാണ്;

(ഡി) അംഗൻവാടികളിൽ നിന്നുള്ള സേവനങ്ങൾക്ക് പകരം ഉപഭോക്താക്കൾ പണം നൽകി സേവനങ്ങൾ മാർക്കറ്റിൽ നിന്ന് നേരിട്ട് വാങ്ങട്ടെ എന്ന നിലയിലുള്ള അപ്രായോഗികമായ നിർദ്ദേശങ്ങൾ വീണ്ടും പുനരുജ്ജീവിപ്പിക്കാൻ കേന്ദ്രത്തിൽ ശ്രമം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ പദ്ധതി ഇല്ലായ്മ ചെയ്യാനുള്ള ശ്രമങ്ങളാണിതിന്റെ പിന്നിലെന്ന് മനസ്സിലായിട്ടുണ്ടോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

'ആശ്വാസ കിരണം' പദ്ധതി

*488 ശ്രീ. എ. എം. ആരിഫ്
,, കെ. രാധാകൃഷ്ണൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈകല്യദുരിതമനുഭവിക്കുന്നവരുടെ രക്ഷാകർത്താക്കൾക്ക് മുൻസർക്കാർ ഏർപ്പെടുത്തിയ 'ആശ്വാസ കിരണം' പദ്ധതിയനുസരിച്ചുള്ള ഇപ്പോഴത്തെ ധനസഹായം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് ശാരീരികമായോ, മാനസികമായോ വൈകല്യമുള്ളവരെത്രയാണെന്ന് വെളിപ്പെടുത്താമോ; ഇതിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെത്ര;

(സി) രക്ഷാകർത്താക്കൾക്ക് ഇപ്പോൾ നൽകി വരുന്ന സഹായം എത്രയാണ്;

(ഡി) മറ്റെന്തെല്ലാം സംരക്ഷണ പദ്ധതികളാണിവർക്കായി ഉള്ളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>ഐ. ജി. എം. എസ്. വൈ. പദ്ധതി</u>

*489 ശ്രീമതി പി. അയിഷാപോറ്റി
ശ്രീ. ജി. സുധാകരൻ
,, ബി. സത്യൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെയും കുട്ടികളുടെയും പോഷണ കുറവിന് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ രൂപം നൽകിയ ഐ. ജി. എം. എസ്. വൈ. പദ്ധതി സംസ്ഥാനത്ത് നടത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി ഏത് ഏജൻസിവഴിയാണ് നടപ്പാക്കി വരുന്നത്;

(സി) ഏതെല്ലാം ജില്ലകളിലാണിപ്പോൾ ഇത് നടപ്പിലാക്കുന്നത്;

(ഡി) ഈ പദ്ധതിക്കുവേണ്ടി കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസൽ അതേപടി അംഗീകരിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വിവാഹ മോചനങ്ങൾ</u>

*490 ശ്രീമതി കെ. എസ്. സലീഖ
ശ്രീ. റ്റി. വി. രാജേഷ്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവാഹമോചനങ്ങൾ വർദ്ധിച്ചുവരുന്നതായി അറിയാമോ; ഇതിന്റെ കാരണങ്ങളെക്കുറിച്ച് സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ;

(ബി) വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ലഭ്യമായ കണക്കുകൾ വെളിപ്പെടുത്താമോ;

(സി) സ്ത്രീധനത്തിന്റെ പേരിലുള്ള പ്രശ്നങ്ങൾ ഫലപ്രദമായി നിയന്ത്രിക്കാൻ സാധിക്കുന്നുണ്ടോ; നിലവിലുള്ള നിയമം ഇതിന് പര്യാപ്തമാണോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ക്ഷേമപെൻഷനുകൾ പോസ്റ്റ് ഓഫീസുകൾ വഴി വിതരണം</u>

*491 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷേമപെൻഷനുകൾ പോസ്റ്റോഫീസുകൾ വഴി വിതരണം ചെയ്യുന്നത് നിർത്തലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതിന് പുതുതായി എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) അവശരും വൃദ്ധരും വികലാംഗരുമായ ആളുകൾക്ക് ക്ഷേമപെൻഷനുകൾ ലഭിയ്ക്കുന്നതിനായി യാത്ര ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് പരിഗണിച്ച് പോസ്റ്റ് ഓഫീസുകൾ വഴി വീണ്ടും പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ആദിവാസികൾക്ക് ജൈവകൃഷിയിൽ പരിശീലനം</u>

*T492 ശ്രീ. സി. മോയിൻകുട്ടി
,, പി. ഉബൈദുള്ള
,, എൻ. ഷംസുദ്ദീൻ
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് ജൈവകൃഷിയിൽ പരിശീലനം നൽകുന്നതിനുള്ള ഒരു പദ്ധതി വനം വകുപ്പിന്റെ കീഴിൽ ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ആ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഉൽപന്നങ്ങളുടെ വിപണനത്തിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിരുന്നോ;

(ഡി) കൃഷിവകുപ്പിന്റെയോ പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെയോ സഹായം ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

<u>ഗ്ലോബൽ ട്രെയിനിംഗ് അക്കാദമി</u>

*493 ശ്രീ. മോൻസ് ജോസഫ്
ഡോ. എൻ.ജയരാജ്
ശ്രീ. സി.എഫ്. തോമസ്
'' റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വിവരസാങ്കേതിക വിദ്യാഭ്യാസ സംബന്ധമായ ഒരു ഗ്ലോബൽ ട്രെയിനിംഗ് അക്കാദമി സ്ഥാപിക്കുവാൻ തീരുമാനമുണ്ടോ;

(ബി) അക്കാദമിയുടെ പ്രവർത്തന രീതി വിശദമാക്കാമോ;

(സി) പ്രസ്തുത അക്കാദമി പൂർണ്ണമായി സർക്കാർ സംവിധാനമായാണോ നടപ്പാക്കുന്നത്;

(ഡി) ഈ അക്കാദമി എവിടെയാണ് സ്ഥാപിക്കുന്നത്;

(ഇ) ഇതിലേയ്ക്ക് എത്ര രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു;

(എഫ്) പ്രസ്തുത അക്കാദമിയിൽ സോഫ്റ്റ് വെയർ ഡവലപ്മെന്റിന് പ്രത്യേക പരിഗണനന നല്കുവാൻ മുൻകൈ എടുക്കുമോ?

**കേരള നിയമസഭ**
**21.10.2011-ലെ മറുപടിക്ക്**

<u>ആഗോളതാപനം</u>

*494 ശ്രീ. കെ. രാജു
,, മുല്ലക്കര രത്നാകരൻ
,, പി. തിലോത്തമൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഗോളതാപനം സംബന്ധിച്ച വെല്ലുവിളികളെ നേരിടുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഹരിതകവചം നിർമ്മിക്കുന്നതിന്റെ ഭാഗമായി തീരപ്രദേശങ്ങളിൽ നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ ; അതിനായി ഇതുവരെ എത്ര തുക ചെലവഴിച്ചു ;

(സി) ഹരിത തീരം പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

ശുചിത്വവര്‍ഷം പദ്ധതി

*495 ശ്രീ.അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഒക്ടോബര്‍ രണ്ടുമുതല്‍ ഒരു വര്‍ഷത്തേക്ക് ശുചിത്വ വര്‍ഷമായി ആചരിക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ശുചിത്വവര്‍ഷം പദ്ധതിയുടെ നടത്തിപ്പിനായി മന്ത്രിമാര്‍, ഗവണ്‍മെന്റ് സെക്രട്ടറിമാര്‍ എന്നിവരുള്‍പ്പെട്ട ഒരു കമ്മിറ്റിക്ക് ഇതിനകം രൂപം നല്‍കിയിട്ടുണ്ടോ ; വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ ;

(സി) മനുഷ്യജീവനും ടൂറിസം ഉള്‍പ്പെടെയുള്ള പ്രധാന വരുമാന സ്രോതസ്സുകള്‍ക്കും സാംക്രമിക രോഗങ്ങള്‍ കടുത്ത വെല്ലുവിളിഉയര്‍ത്തുന്ന സാഹചര്യം പരിശോധിക്കുമോ ;

(ഡി) പ്രധാന നഗരങ്ങളിലെ മാലിന്യശേഖരണ സംസ്കരണ പ്രവര്‍ത്തനവുമായി ബന്ധപ്പെട്ട് പ്രസ്തുത കമ്മിറ്റി എന്തൊക്കെ നടപടികള്‍ കൈക്കൊള്ളും ; വിശദാംശങ്ങള്‍ അറിയിക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>അക്ഷയ കേന്ദ്രങ്ങൾ</u>

*496 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ
,, പി. എ. മാധവൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലകളിൽ വിവരസാങ്കേതിക വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത് ;

(ബി) ഇതിനായി അക്ഷയ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുമോ ;

(സി) കൂടുതൽ ഐ. ടി. സംരംഭങ്ങൾ ആരംഭിച്ച് ഈ വികസനം ത്വരിതപ്പെടുത്തുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

കെ.എസ്.ഇ.ബി.യെ കമ്പനിവല്‍ക്കരിക്കല്‍

*497 ശ്രീ. എം. ഹംസ
,, രാജു എബ്രഹാം
,, കെ. ദാസന്‍
,, വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി ബോര്‍ഡിനെ കമ്പനിവല്ക്കരിക്കുവാന്‍ സര്‍ക്കാര്‍ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) വൈദ്യുതി ബോര്‍ഡിനെ ഒന്നിലധികം കമ്പനികളാക്കി വിഭജിക്കണമെന്ന് കേന്ദ്ര സര്‍ക്കാര്‍ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തില്‍ സംസ്ഥാന സര്‍ക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>പേമെന്റ് ഗേറ്റ് വേ പദ്ധതിയുടെ പ്രവര്‍ത്തനങ്ങള്‍</u>

*498 ശ്രീ. ആര്‍. സെല്‍വരാജ്
,, സി. കൃഷ്ണന്‍
,, കെ. കുഞ്ഞിരാമന്‍ (ഉദുമ)
,, വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുന്‍ സര്‍ക്കാരിന്റെ കാലത്ത് സാമൂഹ്യസുരക്ഷാമിഷന്‍ വിവിധ ആശ്വാസ പദ്ധതികള്‍ക്ക് പണം കണ്ടെത്താന്‍ 'പേമെന്റ് ഗേറ്റ് വേ' എന്ന പേരില്‍ പണം സമാഹരിക്കുവാന്‍ തീരുമാനിച്ചിരുന്നുവോ;

(ബി) ഇത് എന്നു മുതലാണ് ആരംഭിച്ചിരിക്കുന്നത്;

(സി) ഇതിന് റിസര്‍വ്വ് ബാങ്കിന്റെ അനുമതിയുണ്ടോ; ഇതിലേക്കുള്ള സംഭാവനകളെ ആദായ നികുതിയില്‍ നിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(ഡി) ഈ പദ്ധതി ആരംഭിച്ചതിനു ശേഷം ഇതുവരെയുള്ള സ്ഥിതി അവലോകനം ചെയ്തിട്ടുണ്ടോ;

(ഇ) എന്തെല്ലാം നിലയിലുള്ള ജീവകാരുണ്യ പ്രവര്‍ത്തനങ്ങളാണ് ഇതുവഴി നടത്താന്‍ ഉദ്ദേശിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ചിൽഡ്രൻസ് കമ്മീഷൻ രൂപീകരിക്കാൻ നടപടി</u>

*499 ശ്രീ. ബി.ഡി. ദേവസ്സി
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എം. ചന്ദ്രൻ
,, റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ അവകാശങ്ങൾ ഉറപ്പാക്കാൻ ചിൽഡ്രൻസ് കമ്മീഷൻ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് സാമൂഹ്യക്ഷേമ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സമൂഹത്തിൽ അവകാശങ്ങൾ നിഷേധിക്കപ്പെട്ട കുട്ടികളുടെ കാര്യത്തിൽ ക്രിയാത്മകമായ എന്തു പരിപാടിയാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>തെരുവുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ</u>

*500 ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, മുല്ലക്കര രത്നാകരൻ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ തെരുവുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച് നിലവിൽ എന്തെങ്കിലും സംവിധാനങ്ങളുണ്ടോ; എങ്കിൽ പഞ്ചായത്തുകളും വൈദ്യുതി ബോർഡും ഇതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ.

(ബി) പ്രസ്തുത പ്രവൃത്തികളിൽ നിന്നും വൈദ്യുതി ബോർഡിനെ ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പകരം ഏർപ്പെടുത്തുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) വൈദ്യുതി ബോർഡ് ഒഴികെയുള്ള മറ്റ് ഏജൻസികൾക്ക് കരാർ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിബന്ധനകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>വൈദ്യുതി നിലയങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി</u>

*501 ശ്രീ.എ.കെ. ബാലൻ
'' സാജു പോൾ
'' വി. ശിവൻകുട്ടി
'' എ.പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയാടിസ്ഥാനത്തിൽ വൈദ്യുതിക്ക് വിലകുറയുന്ന സന്ദർഭം ഏതാണ്;

(ബി) ഈ സന്ദർഭത്തിൽ സ്വന്തം വൈദ്യുത നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം പരമാവധി കുറച്ചുകൊണ്ട് പുറത്തുനിന്നും കുറഞ്ഞ വിലയ്ക്കുള്ള വൈദ്യുതി വാങ്ങിയിരുന്ന മുൻസർക്കാരിന്റെ നിലപാട് തുടർന്നും സ്വീകരിക്കാൻ തയ്യാറാകുമോ;

(സി) ഏറ്റവും അനുയോജ്യമായ സമയത്തേക്ക് വൈദ്യുതി നിലയങ്ങളുടെ വാർഷിക അറ്റകുറ്റപണികൾ ക്രമീകരിക്കാനും ഈ സമയം ഉല്പാദനം പരമാവധി കുറയ്ക്കാനും അതു വഴി ബോർഡിന്റെ നഷ്ടം കുറയ്ക്കാനും തയ്യാറാകുമോ;

(ഡി) ഇപ്പോൾ സംഭവിച്ചതായി ആക്ഷേപമുള്ള ആസൂത്രണത്തിലെ പിഴവുകൾ ഇനിയും ആവർത്തിക്കാതിരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ശബരിജലം</u>

*502 ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, വി. റ്റി. ബൽറാം
,, ബെന്നി ബെഹനാൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ വിതരണം ചെയ്യുന്ന ശബരിജലം ആരാണ് ഉല്പാദിപ്പിക്കുന്നത് ;

(ബി) ആവശ്യാനുസരണം ശബരിജലം ഉല്പാദിപ്പിക്കുന്നതിന് വലിയ പ്ലാന്റുകൾ സ്ഥാപിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(സി) പ്ലാസ്റ്റിക് മലിനീകരണം ഒഴിവാക്കുന്നതിന്റെ ഭാഗമായി, ഉപയോഗിച്ച ശബരിജലത്തിന്റെ കുപ്പികൾ തിരിച്ചു വാങ്ങി നശിപ്പിച്ചുകളയുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) എങ്കിൽ ഇതിനായി കൈകൊള്ളുന്ന നടപടികൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ആയുർവ്വേദ ഉൽപ്പന്ന വ്യവസായങ്ങളുടെ വളർച്ചയ്ക്കായി നടപടികൾ</u>

*503 ഡോ. എൻ. ജയരാജ്
ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയുർവ്വേദ ഉൽപ്പന്ന വ്യവസായങ്ങളുടെ വളർച്ചയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ആയുർവ്വേദ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന-വിതരണ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരം പ്രവർത്തനങ്ങളിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>സിന്തറ്റിക്ക് ഫുട്ബോൾ ഗ്രൗണ്ട്</u>

*504 ശ്രീ. ഷാഫി പറമ്പിൽ
,, വർക്കല കഹാർ
,, വി. പി. സജീന്ദ്രൻ
, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരമുള്ള സിന്തറ്റിക്ക് ഫുട്ബോൾ ഗ്രൗണ്ട് നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(സി) എവിടെയാണ് ഈ ഗ്രൗണ്ട് നിർമ്മിക്കാനുദ്ദേശിക്കുന്നത്;

(ഡി) നിർമ്മാണ പ്രവൃത്തികളുടെ ചുമതല ആർക്കാണ് നൽകുന്നത് ;

(ഇ) ഗ്രൗണ്ട് നിർമ്മാണത്തിന് ഫീഫ ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

ചിത്രാഞ്ജലി സ്റ്റുഡിയോ വികസനം

*505 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, മഞ്ഞളാംകുഴി അലി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളസിനിമാവ്യവസായത്തെ നിലനിർുത്തുന്നതിൽ സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ എത്രത്തോളം വിജയിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കോർപ്പറേഷന്റെ കീഴിലുള്ള പ്രകൃതിരമണീയമായതും വേണ്ടത്ര സൗകര്യങ്ങളുള്ളതുമായ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സിനിമ ചിത്രീകരിക്കുന്നതിന് പ്രോത്സാഹനം നല്കിയിട്ടും അക്കാര്യത്തിൽ പുരോഗതി കൈവരിക്കാത്തതിനുള്ള അടിസ്ഥാനകാരണങ്ങൾ വിശകലനം ചെയ്യുമോ ;

(സി) ഫിലിംസിറ്റി പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(ഡി) അധികൃതരുടെ ലക്ഷ്യബോധമില്ലായ്മയും സാങ്കേതിക വിദഗ്ദ്ധരുടെ അഭാവവും പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) സാങ്കേതിക പരിജ്ഞാനമില്ലാത്ത ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങൾക്ക് സഹായകമായ നിലപാട് സ്വീകരിക്കുന്നതാണ് സ്റ്റുഡിയോ വികസനത്തിനു തടസ്സമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) പ്രസ്തുത സ്റ്റുഡിയോയും അടിസ്ഥാന സൗകര്യ വികസനം സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ</u>

*506 ശ്രീ. വി. ഡി. സതീശൻ
,, പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൂടുതൽ തൊഴിലവസരങ്ങൾ ഒരുക്കുന്നതും പരിസ്ഥിതി സൗഹൃദവുമായ വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകാൻ ആലോചിച്ചിട്ടുണ്ടോ ;

(ബി) ഇത് നടപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഐ. ടി. പാർക്കുകൾ ആരംഭിക്കുന്നതിന് നടപടി</u>

*507 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു നിയോജകമണ്ഡലത്തിൽ ഒരു ഐ. ടി. വ്യവസായ കേന്ദ്രം എന്ന നിലയിൽ സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ഐ. ടി. അധിഷ്ഠിത വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഐ. ടി. പ്രൊഫഷണലുകൾ ധാരാളമുള്ള കേരളത്തിന്റെ പ്രത്യേകതകൾ മുന്നിൽക്കണ്ട് ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ?

# കേരള നിയമസഭ
# 21.10.2011-ലെ മറുപടിക്ക്

ഐ. സി. ഡി. എസ്. സ്വകാര്യവല്‍ക്കരണം

*508 ശ്രീ. കെ. വി. വിജയദാസ്
,, ബാബു എം. പാലിശ്ശേരി
,, സി. കൃഷ്ണന്‍
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഐ. സി. ഡി. എസ്. പബ്ലിക് - പ്രൈവറ്റ് പാര്‍ട്ണര്‍ഷിപ്പിന്റെ പേരില്‍ സ്വകാര്യവല്‍ക്കരിക്കാനുള്ള നീക്കം നടക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ദിശയിലുള്ള നിര്‍ദ്ദേശങ്ങളെ അവഗണിക്കാന്‍ കേന്ദ്രത്തില്‍ സമ്മര്‍ദ്ദം ചെലുത്തുമോ ;

(സി) അംഗനവാടികളില്‍ പുതുതായി തയ്യാറാക്കുന്ന ഭക്ഷണത്തിനു പകരം അവ പായ്ക്കറ്റുകളിലാക്കി വിതരണം ചെയ്യാന്‍ സ്വകാര്യ കമ്പനികളെ ഏല്പിക്കാനുള്ള നീക്കം നടക്കുന്നതായി അറിയുമോ ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>ചെറുകിട ഐ. ടി. കമ്പനികൾക്ക് പ്രത്യേക സാമ്പത്തിക പാക്കേജ്</u>

*509 ശ്രീ. എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി തുടങ്ങുന്ന ചെറുകിട ഐ. ടി. കമ്പനികൾക്ക് പ്രത്യേക സാമ്പത്തിക പാക്കേജ് നടപ്പാക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ പാക്കേജിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.10.2011-ലെ മറുപടിക്ക്

<u>സിനിമാ നിർമ്മാതാക്കളുടെ പ്രശ്നങ്ങൾ</u>

*510 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിനിമാ നിർമ്മാതാക്കളിൽ പലരും കടക്കെണിയിലാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിനിമാ നിർമ്മാതാക്കളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കുമോ;

(സി) കേരളത്തിൽ നിർമ്മിക്കുന്ന സിനിമകൾക്ക് കർണാടകത്തിൽ നൽകുന്നതു പോലെ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2011 ഒക്ടോബർ 12.

പി. ഡി. രാജൻ,
സെക്രട്ടറി

'T' ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.